# ടൗൺ ആൻറ് കൺട്രി പ്ലാനിംഗ് ബോർഡ് രൂപീകരണത്തിന് നടപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 1748    16.3.15-ൽ മറുപടി നൽകേണ്ടത്.

| | ചോദ്യം<br><br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>ബഹു. നഗരകാര്യവും<br>ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ടൗൺ ആൻറ് കൺട്രി പ്ലാനിംഗ് ബോർഡ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് നഗര-ഗ്രാമാസൂത്രണ ബോർഡ് രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ 2015-ലെ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസിൻെറ (2015-ലെ 3) 3 മുതൽ 7 വരെ വകുപ്പുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിൻെറ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് നഗര-ഗ്രാമാസൂത്രണ ബോർഡിൻെറ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും സംബന്ധിച്ച് 2015-ലെ 3-ാം നമ്പർ ഓർഡിനൻസിൻെറ 3, 4 വകുപ്പുകളിൽ വ്യവസ്ഥ ചെയ്യുന്നു.<br>ബോർഡിൻെറ ഘടന<br>ഓർഡിനൻസിൻെറ 3-ാം വകുപ്പിൻെറ (2) മുതൽ (6) വരെ ഉപവകുപ്പുകളിൽ ബോർഡിൻെറ ഘടന സംബന്ധിച്ച് താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്:-<br>"(2) ബോർഡ്, ഒരു ചെയർ പേഴ്സൺ, വൈസ് ചെയർ പേഴ്സൺ അല്ലെങ്കിൽ വൈസ് ചെയർ പേഴ്സൺമാർ, (4)-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരം മറ്റ് ഇരുപത്തി ഒൻപത് അംഗങ്ങൾ എന്നിവർ അടങ്ങിയതായിരിക്കേണ്ടതാണ്.<br>(3) സംസ്ഥാനത്തിൻെറ മുഖ്യമന്ത്രി, ബോർഡിൻെറ ചെയർ പേഴ്സൺ ആയിരിക്കേണ്ടതും സംസ്ഥാനത്തിൻെറ നഗര-ഗ്രാമാസൂത്രണത്തിൻെറയോ മുനിസിപ്പാലിറ്റികളുടെയോ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളുടെയോ ഗ്രാമവികസനത്തിന്റെയും ആസൂത്രണത്തിന്റെയുമോ ചുമതലയുള്ള മന്ത്രിയോ മന്ത്രിമാർ വൈസ് ചെയർ പേഴ്സൺമാർ ആയിരിക്കേണ്ടതുമാണ്.<br><br>(4) ബോർഡിലെ മറ്റ് അംഗങ്ങൾ താഴെ പറയുന്നവർ ആയിരിക്കേണ്ടതാണ്, അതായത്<br>(എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർ പേഴ്സൺ<br>(ബി) ഗവൺ മെന്റ് ചീഫ് സെക്രട്ടറി;<br>(സി) തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;<br>(ഡി) സർക്കാർ നാമനിർ ദ്ദേശം ചെയ്ത പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ധനകാര്യ വകുപ്പ്, കൃഷി വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഗതാഗത വകുപ്പ് എന്നിവയുടെ ചുമതലയുള്ള ഗവൺ മെന്റ് സെക്രട്ടറിമാർ ;<br>(ഇ) ചീഫ് ടൗൺ പ്ലാനർ;<br>(എഫ്) ലാൻറ് റവന്യൂ കമ്മീഷണർ;<br>(ജി) ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്;<br>(എച്ച്) ചീഫ് എൻജിനീയർ (റോഡ്സ്), പൊതുമരാമത്തുവകുപ്പ്;<br>(ഐ) കേരള വനം-വന്യജീവി വകുപ്പിന്റെ തലവൻ;<br>(ജെ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർ പേഴ്സൺ;<br>(കെ) കേരള സംസ്ഥാന വൈദ്യുതിബോർഡ് ലിമിറ്റഡിന്റെ |

| | | | |
|---|---|---|---|
| | | | ചെയർ പേഴ്സൺ;<br><br>(എൽ) കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ;<br>(എം) സർക്കാർ നാമനിർ ദ്ദേശം ചെയ്ത പ്രകാരമുള്ള രണ്ട് പാർലമെൻറ് അംഗങ്ങൾ,<br>(എൻ) സർക്കാർ നാമനിർ ദ്ദേശം ചെയ്ത പ്രകാരമുള്ള സംസ്ഥാന നിയമസഭയിലെ രണ്ട് അംഗങ്ങൾ, അവരിൽ ഒരാൾ സംസ്ഥാന നിയമസഭയുടെ പ്രതിപക്ഷനേതാവ് ആയിരിക്കേണ്ടതാണ്;<br>(ഒ) സർക്കർ നാമനിർ ദ്ദേശം ചെയ്തപ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റികളുടെയും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികളുടെയും / ജില്ലാ ആസൂത്രണ കമ്മിറ്റികളുടെയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികളുടെയോ രണ്ട് ചെയർ പേഴ്സൺമാർ;<br>(പി) മുനിസിപ്പൽ കോർപ്പറേഷനുകളുടെ ചേംബർ ഓഫ് മേയേഴ്സിൻെറ ചെയർ പേഴ്സൺ;<br>(ക്യൂ) മുനിസിപ്പൽ കൗൺസിലുകളുടെ ചേംബർ ഓഫ് മുനിസിപ്പൽ ചെയർ പേഴ്സൺസിൻെറ ചെയർ പേഴ്സൺ ;<br>(ആർ) കേരള ഗ്രാപഞ്ചായകത്ത് അസോസിയേഷൻെറ പ്രസിഡൻറ്; കൂടാതെ<br>(എസ്) സർക്കാർ നാമനിർ ദ്ദേശം ചെയ്തപ്രകാരമുള്ള മൂന്ന് അനൗദ്യോഗിക അംഗങ്ങൾ, അവരിൽ ഒരാൾ നഗര-ഗ്രാമാസൂത്രണത്തിൽ വൈദഗ്ധ്യവും യോഗ്യതയും ഉള്ളയാളും, രണ്ടാളുകൾ, സർക്കാരിൻെറ അഭിപ്രായത്തിൽ, ഗതാഗതം, കൃഷി അല്ലെങ്കിൽ |

| | | | |
|---|---|---|---|
| | | | സാമ്പത്തികശാസ്ത്രം സംബന്ധിച്ച കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ളവരും ആയിരിക്കേണ്ടതാണ്;<br>(5)സംസ്ഥാനത്തിന്റെ തദ്ദേശസ്വയംഭരണവകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ബോർഡിന്റെ എക്സ്-ഒഫിഷ്യോ മെമ്പർ സെക്രട്ടറിയും ചീഫ് ടൗൺ പ്ലാനർ ജോയിന്റ് സെക്രട്ടറിയും ആയിരിക്കേണ്ടതാണ്;<br>(6) ബോർഡിന്റെ യോഗങ്ങളിൽ താഴെ പറയുന്ന ആളുകളെ, പ്രത്യേക ക്ഷണിതാക്കളായി, ആ യോഗങ്ങളിൽ അവരുടെ സാന്നിദ്ധ്യം ആവശ്യമുള്ളപ്പോഴൊക്കെ, ക്ഷണിക്കാവുന്നതാണ്, അതായത് :-<br>(എ) റെയിൽവേ, സിവിൽ ഏവിയേഷൻ, ഷിപ്പിംഗ്, പ്രതിരോധം, ഗതാഗതവും വാർത്താവിനിമയവും, പരിസ്ഥിതി, നഗരവികസനം, ഗ്രാമവികസനം മുതലായവയുടെ ചുമതലയുള്ള കേന്ദ്രസർക്കാർ മന്ത്രാലയങ്ങളുടെ പ്രതിനിധികൾ ;<br>(ബി) (4)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡത്തിൽ പരാമർശിച്ചവയൊഴികെയുള്ള സർക്കാർ വകുപ്പുകളുടെ സെക്രട്ടറിമാർ;<br>(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൗൺ പ്ലാനേഴ്സ്, ഇൻഡ്യ, കേരള റീജിയണൽ ചാപ്റ്ററിന്റെ ചെയർ പേഴ്സൺ; കൂടാതെ<br>(ഡി) ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിയുടെയും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയുടെയും വികസന അതോറിറ്റിയുടെയും ചെയർ പേഴ്സൺമാർ.” |

ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

2015-ലെ 3-ാം നമ്പർ ഓർഡിനൻസിന്റെ 4-ാം വകുപ്പിൽ ബോർഡിന്റെ അധികാരങ്ങളും ചുമതലകളും താഴെപ്പറയും പ്രകാരം പ്രതിപാദിക്കുന്നു:-

(എ) "ബോർഡ്.-

(എ)സംസ്ഥാനത്തെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂമിയുടെ സ്ഥലസംബന്ധമായ ആസൂത്രണത്തിനും വികസനത്തിനും ഉപയോഗത്തിനും വേണ്ടിയുള്ള നയരൂപീകരണം സംബന്ധിച്ച കാര്യങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കേണ്ടതും;

(ബി)ജില്ലാ ആസൂത്രണ കമ്മിറ്റികളും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റികളും, ഏതെങ്കിലുമുണ്ടെങ്കിൽ, അവയ്ക്ക്, അവരുടെ ബന്ധപ്പെട്ട പ്രദേശങ്ങളുടെ സ്ഥലസംബന്ധമായ ആസൂത്രണവും വികസനവും സംബന്ധിച്ച കാര്യങ്ങളിന്മേൽ മാർഗ്ഗനിർദ്ദേശം നൽകുകയും ഉപദേശം നൽകുകയും ചെയ്യേണ്ടതും;

(സി) ഈ ഓർഡിനൻസിൻ കീഴിലുള്ള സംസ്ഥാനത്തിനു വേണ്ടിയുള്ള ദീർഘവീക്ഷണപ്ലാനുമായും മറ്റു പ്ലാനുകളുമായും ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെയും അർദ്ധസർക്കാർ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്ഥലസംബന്ധമായ ആസൂത്രണവും വികസനപ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക;

(ഡി) ഈ ഓർഡിനൻസിൻ കീഴിൽ സംസ്ഥാനത്തിനുവേണ്ടിയുള്ള ദീർഘവീക്ഷണപ്ലാൻ തയ്യാറാക്കുകയോ

തയ്യാറാക്കിക്കുകയോ ചെയ്യുക;

(ഇ) സംസ്ഥാനത്തിനുള്ളിലെ ഒന്നിൽ കൂടുതൽ ജില്ലകളുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിന്മേൽ അല്ലെങ്കിൽ ഏതെങ്കിലും പ്രദേശത്തിനു വേണ്ടി പ്ലാനുകൾ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുക;

(എഫ്) ജില്ലാ ആസൂത്രണ കമ്മിറ്റികളും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റികളും വികസന അതോറിറ്റികളും അയച്ചുകൊടുത്തിട്ടുള്ള സംയോജിത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ ആക്റ്റിൻ കീഴിൽ തയ്യാറാക്കിയ പ്ലാനുകളുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട്, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ ഭൗതിക നേട്ടങ്ങൾ വിലയിരുത്തുകയും പുനരവലോകനം ചെയ്യുകയും അതിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക;

(ജി) സർക്കാരിന്-

(i) ജില്ലകൾ തമ്മിൽ സ്ഥലസംബന്ധമായ ആസൂത്രണവും വികസനവും, വിഭവവിനിയോഗം, അടിസ്ഥാനസൗകര്യവികസനം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ, അവ പരിഹരിക്കുന്നതിനും;

(ii) സംസ്ഥാനത്തിന്റെ വികസനരംഗത്ത് കാര്യമായ സ്വാധീനം ഉണ്ടാക്കുവാനിടയുള്ള പ്രധാന നിക്ഷേപസ്രോതസ്സുകളുടെ സാദ്ധ്യമായ സ്ഥാനം കണ്ടെത്തുന്നതിനും,

ഉപദേശം നൽ കേണ്ടതും;

| | | | |
|---|---|---|---|
| | | | (എച്ച്) നിർണ്ണയിക്കപ്പെട്ടാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതും, ആണ്." |
| (സി) | ഇതിൽ നിന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങളെന്തൊക്കെ; എപ്പോൾ ഇത് രൂപീകൃതമാകുമെന്ന് വ്യക്തമാക്കുമോ? | (സി) | ബോർഡ് രൂപീകൃതമാകുന്ന മുറയ്ക്ക് മാത്രമേ നേട്ടങ്ങൾ സംബന്ധിക്കുന്ന വിഷയം ഉദിക്കുന്നുള്ളൂ. |

Kajeen

സെക്ഷൻ ഓഫീസർ